പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **1862**

**14/07/2011** ൽ മറുപടിയ്ക്ക്

## ആയുർവ്വേദ മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.മായിൻകുട്ടി | ശ്രീ. അടൂർ പ്രകാശ് (ബഹു.ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ഐ.എസ്.എം.ഡിപ്പാർട്ട്മെന്റിൽ ആയുർവ്വേദ മെഡിക്കൽ ഓഫീസർമാരുടെ നിലവിലെ ഒഴിവുകൾ എത്രയെന്ന് അറിയിക്കുമോ; | (എ) ഭാരതീയ ചികിത്സാ വകുപ്പിൽ നിലവിൽ ആയുർവേദ മെഡിക്കൽ ഓഫീസർമാരുടെ 48 ഒഴിവുകൾ ഉണ്ട്. |
| (ബി) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ? | (ബി) 6 ഒഴിവുകൾ (3 NJD+3 Retirement Vacancies) P.S.C.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നേരത്തെ പി.എസ്.സി -ക്ക് റിപ്പോർട്ട് ചെയ്ത S.T. യ്ക്കായി റിസർവ്വ് ചെയ്തിട്ടുള്ള ഒഴിവുകളിൽ 11 എണ്ണത്തിന് പി.എസ്.സിയിൽ നിന്നും നിയമന ശുപാർശ ലഭിക്കാനുണ്ട്. ബാക്കി ഒഴിവുകൾ വകുപ്പ് ക്വാട്ടയിൽ നിന്ന് പി.ജി.പഠനത്തിന് പോയവർ, ജോയിനിംഗ് ടൈം ദീർഘിപ്പിച്ചവർ മുതലായ വിഭാഗത്തിലുള്ള ഒഴിവുകളാണ്. ഈ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്തവയാണ്. |

സെക്ഷൻ ഓഫീസർ